13. "ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡെമോക്രാറ്റിക് ഡീസെൻട്രലൈസേഷൻ" എന്ന പേരിൽ നടത്തിയ സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിയ ബ്രസീൽ, കാനഡ, ചൈന, ക്യൂബ, ഹെയതി, മെക്സിക്കോ, നെതർലാന്റ്, തെക്കേ ആഫ്രിക്ക, ശ്രീലങ്ക, സ്വീഡൻ, അമേരിക്ക, വിയറ്റ്നാം, കൊറിയ മുതലായ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനുള്ള അപേക്ഷകൾ**

**68 (3820)** ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ സെക്രട്ടേറിയറ്റ്, ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്, വിവിധ ജില്ലാ ടൗൺ പ്ലാനിംഗ് വിഭാഗം എന്നിവിടങ്ങളിൽ കെട്ടിക്കിടക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി (1999-ലെ ഭേദഗതി) ആക്ടിലെ 120-ാം വകുപ്പുപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവുകൾ നൽകുവാൻ സർക്കാരിനുള്ള അധികാരം ഇല്ലാതായിട്ടുണ്ട്. അതിനാൽ ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വളരെ കുറച്ച് അപേക്ഷകൾ മാത്രമേ ഇപ്പോൾ ലഭിക്കാറുള്ളൂ.

(സി&ഡി) ബിൽഡിംഗ് റൂൾസിൽ നിന്ന് ഇളവുകൾ ഇപ്പോൾ നിയമപരമായി അനുവദനീയമല്ലാത്തതിനാൽ ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്.

**കുടുംബശ്രീ പദ്ധതി**

**69 (3821)** ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly